പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 194

10.06.2013-ൽ മറുപടിക്ക്.

## കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ നശിക്കുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വിവിധ കേസുകളിൽ പിടിച്ചെടുത്ത് താലൂക്ക് ഓഫീസുകളിലും പോലീസ് സ്റ്റേഷനുകളിലും നിരവധി വാഹനങ്ങൾ കിടപ്പുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം വാഹനങ്ങൾ നശിക്കുന്നത് പരിസ്ഥിതിക്കും, യാത്രാമാർഗ്ഗങ്ങൾ അടച്ച് വാഹനങ്ങൾ കൂട്ടിയിടുന്നത് പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;<br><br>(സി) പ്രസ്തുത വാഹനങ്ങൾ ലേലം ചെയ്തു മുതൽക്കൂട്ടുകയോ, ഉടമയ്ക്ക് തിരികെ നൽകാവുന്നവ തിരിച്ചുനൽകുകയോ ചെയ്യണമെന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന കാര്യം പരിശോധിക്കുമോ ; | : (ബി) & (സി)<br><br>പരിശോധിച്ചിട്ടുണ്ട് ; പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധം, ലഭ്യമായ സ്ഥലങ്ങളിൽ സൂക്ഷിച്ചു വരികയാണ് ചെയ്യുന്നത്. കോടതി തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത വാഹനങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ കേസുകളിൽ പിടിച്ചെടുക്കപ്പെട്ട്, ഉടമസ്ഥരില്ലാതെ വരുന്ന വാഹനങ്ങൾ കേരള പോലീസ് ആക്ട് സെക്ഷൻ 56 പ്രകാരം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) കോടതിയുടെ അനുമതി വേണ്ട കേസുകളിൽ അനുമതി ലഭ്യമാക്കി വാഹനങ്ങൾ നീക്കം ചെയ്യാൻ അടിയന്തിര നിർദ്ദേശം നൽകുമോ ; | : (ഡി) കോടതിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് വാഹനങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. |

(മറുപുറം)

| | | |
|---|---|---|
| (ഇ) സംസ്ഥാനത്താകെ എത്ര വാഹനങ്ങൾ ഇത്തരത്തിൽ പിടിച്ചിട്ടുണ്ടെന്നതിന്റെ കണക്കെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ? | : | (ഇ) പോലീസ് സ്റ്റേഷനുകളിലും മറ്റ് പോലീസ് ഓഫീസുകളിലുമായി സംസ്ഥാനത്തൊട്ടാകെ 24283 വാഹനങ്ങൾ കസ്റ്റഡിയിൽ സൂക്ഷിച്ചു വരുന്നു. ആയതിന്റെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

43/194/10/6

## അനുബന്ധം

സംസ്ഥാനത്തൊട്ടാകെ പോലീസ് സ്റ്റേഷനുകളിലും മറ്റ് പോലീസ് ഓഫീസുകളിലുമായി കസ്റ്റഡിയിൽ സൂക്ഷിച്ചു വരുന്ന വാഹനങ്ങളുടെ ജില്ലതിരിച്ചുള്ള വിവരം

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം സിറ്റി | 1447 |
| തിരുവനന്തപുരം റൂറൽ | 1581 |
| കൊല്ലം സിറ്റി | 1568 |
| കൊല്ലം റൂറൽ | 706 |
| പത്തനംതിട്ട | 543 |
| ആലപ്പുഴ | 622 |
| കോട്ടയം | 824 |
| ഇടുക്കി | 344 |
| എറണാകുളം സിറ്റി | 494 |
| എറണാകുളം റൂറൽ | 1482 |
| തൃശ്ശൂർ സിറ്റി | 465 |
| തൃശ്ശൂർ റൂറൽ | 2025 |
| പാലക്കാട് | 2475 |
| മലപ്പുറം | 6442 |
| കോഴിക്കോട് സിറ്റി | 674 |
| കോഴിക്കോട് റൂറൽ | 646 |
| വയനാട് | 141 |
| കണ്ണൂർ | 1113 |
| കാസർഗോഡ് | 689 |
| റെയിൽവേസ് | 2 |
| **ആകെ** | **24283** |

(SO)